**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1853** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ വാഹന രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആർ.ടി. ഓഫീസുകളിൽ ഇടനിലക്കാർ അനാവശ്യ ഇടപെടൽ നടത്തി ഓൺലൈൻ വാഹന രജിസ്ട്രേഷൻ അവതാളത്തിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വാഹന രജിസ്ട്രേഷന് മുൻഗണനാക്രമം നിശ്ചയിക്കുന്നത് നടപ്പിലാക്കാത്തത് മൂലം ഉപഭോക്താക്കൾക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കണ്ടെത്തുമോ; ചില അപേക്ഷകളിന്മേൽ വേഗത്തിൽ രജിസ്ട്രേഷൻ അനുവദിക്കപ്പെടുമ്പോൾ മറ്റുള്ളവയുടെ കാര്യത്തിൽ ആഴ്ചകളെടുക്കുന്ന സ്ഥിതിവിശേഷത്തിന് പരിഹാരം കാണുമോ; | (ബി) | വാഹന രജിസ്ട്രേഷൻ മുൻഗണനാ ക്രമത്തിലാക്കണമെന്ന് ആവശ്യപ്പെട്ട് സോഫ്റ്റ്-വെയർ നിർമ്മാതാക്കളായ എൻ.ഐ.സി.-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് എത്രയും വേഗം നടപ്പിൽ വരുത്താനുള്ള നടപടി സ്വീകരിച്ചു വരുന്നു. നിലവിലുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കി വരുന്നു. |
| (സി) | വാഹന രജിസ്ട്രേഷന് ആധാർ നിർബന്ധമാക്കുമോ; ആധാർ തിരിച്ചറിയൽ രേഖയായി കണക്കാക്കുമോ; ആധാർ ലിങ്ക് ചെയ്ത ഫോൺ നമ്പർ തന്നെ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ വാഹന രജിസ്ട്രേഷന് ആധാർ നിർബന്ധമല്ല. ആധാർ Authentication ചെയ്യുന്ന അപേക്ഷകളിൽ Physical Copy സമർപ്പിക്കേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ